പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2013-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2013-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

356/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 196

# 2013-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ബിൽ

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള മുനിസിപ്പാലിറ്റി (മൂന്നാം ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 77-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് ചേർക്കൽ.—1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 77-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"77എ. പ്രവാസി ഭാരതീയർക്ക് വോട്ടർ പട്ടികയിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ അദ്ധ്യായത്തിലെ മറ്റു വ്യവസ്ഥകളിൽ വിരുദ്ധമായി എന്തുതന്നെ അടങ്ങിയിരുന്നാലും, 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിലെ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20എ വകുപ്പിൽ പറഞ്ഞ പ്രകാരമുള്ള ഏതൊരു ഭാരത പൗരനും അയാളുടെ പാസ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്ന താമസസ്ഥലം സ്ഥിതി ചെയ്യുന്ന നിയോജകമണ്ഡലത്തിലേക്കുള്ള വോട്ടർപട്ടികയിൽ സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്".

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2010-ലെ ജനപ്രാതിനിധ്യ (ഭേദഗതി) ആക്റ്റ് (2010-ലെ 36) മുഖേന 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിൽ (1950-ലെ 43-ാം കേന്ദ്ര ആക്റ്റ്) 20എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർത്തപ്രകാരം നിയമസഭയിലേക്കുള്ള പൊതുതെരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് വോട്ടവകാശം ലഭിക്കുകയുണ്ടായി. പ്രസ്തുത വകുപ്പിന് സമാനമായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ ബന്ധപ്പെട്ട വകുപ്പുകൾക്ക് ഭേദഗതി വരുത്തേണ്ടതുണ്ടെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനെ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ, 1950-ലെ ജനപ്രാതിനിധ്യ ആക്റ്റിലെ 20എ വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി വിവിധ തലത്തിലുള്ള മുനിസിപ്പാലിറ്റികളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസി ഭാരതീയർക്ക് വോട്ടവകാശം ലഭ്യമാകുന്ന വിധം വോട്ടർ പട്ടികയിൽ സമ്മതിദായകരായി രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശം നൽകുന്നതിനാവശ്യമായ വ്യവസ്ഥകളോടെ 77എ എന്ന ഒരു പുതിയ വകുപ്പ് ചേർക്കുന്നതിനായി 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റ് ഭേദഗതി ചെയ്യേണ്ടതാണെന്ന് സർക്കാർ കരുതുന്നു.

2. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

മഞ്ഞളാംകുഴി അലി.

## 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിൽ (1994-ലെ 20) നിന്നുള്ള പ്രസക്തഭാഗങ്ങൾ

** ** **

77. 'സാധാരണ താമസക്കാരൻ' എന്നതിന്റെ അർത്ഥം.—(1) ഒരാൾക്ക് ഒരു മുനിസിപ്പാലിറ്റിയിലെ ഒരു വാർഡിൽ ഒരു വാസസ്ഥലത്തിന്റെ ഉടമാവകാശമോ കൈവശാവകാശമോ ഉണ്ടെന്നുള്ള കാരണത്തിൻമേൽ മാത്രം അയാൾ ആ വാർഡിലെ സാധാരണ താമസക്കാരനായി കരുതപ്പെടുന്നതല്ല.

(2) തന്റെ സാധാരണ താമസസ്ഥലത്തുനിന്ന് താൽക്കാലികമായി സ്വയം അസന്നിഹിതനാകുന്ന ഒരാൾ ആ കാരണത്താൽ അവിടത്തെ സാധാരണ താമസക്കാരൻ അല്ലാതായിത്തീരുന്നതല്ല.

(3) പാർലമെന്റിലെയോ സംസ്ഥാന നിയമസഭയിലെയോ ഒരു അംഗമോ, ഒരു മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സണോ ഡെപ്യൂട്ടി ചെയർപേഴ്സണോ താൻ അങ്ങനെയുള്ള അംഗമായിട്ടോ ചെയർപേഴ്സണായിട്ടോ, ഡെപ്യൂട്ടി ചെയർപേഴ്സണായിട്ടോ, അതതു സംഗതിപോലെ, തെരഞ്ഞെടുക്കപ്പെട്ട സമയത്ത് ഏത് വാർഡിലേക്കുള്ള വോട്ടർ പട്ടികയിലാണോ ഒരു സമ്മതിദായകനായി രജിസ്റ്റർ ചെയ്യപ്പെട്ടിരുന്നത്, ആ വാർഡിൽ, അങ്ങനെയുള്ള അംഗമെന്നോ ചെയർ പേഴ്സണെന്നോ ഡെപ്യൂട്ടി ചെയർപേഴ്സണെന്നോ ഉള്ള നിലയ്ക്കുള്ള തന്റെ ചുമതലകളുമായി ബന്ധപ്പെട്ട കാരണത്താൽ തന്റെ ഔദ്യോഗിക കാലത്ത് അസന്നിഹിതനായിരുന്നു എന്നതു കൊണ്ടുമാത്രം അവിടത്തെ സാധാരണ താമസക്കാരനല്ലാതായിത്തീരുന്നതല്ല.

(4) മാനസികരോഗമോ മാനസിക വൈകല്യമോ ഉള്ള ആളുകളെ സ്വീകരിക്കുന്നതിനോ ചികിത്സിക്കുന്നതിനോ ആയി മുഴുവനായോ മുഖ്യമായോ പരിപാലിച്ചു പോരുന്ന ഏതെങ്കിലും സ്ഥാപനത്തിലെ രോഗിയായിട്ടുള്ളതോ അല്ലെങ്കിൽ ഏതെങ്കിലും സ്ഥലത്ത് തടവിലോ മറ്റു നിയമപരമായ കസ്റ്റഡിയിലോ വച്ചിട്ടുള്ളതോ ആയ ഒരാളെ ആ കാരണത്താൽ മാത്രം ആ സ്ഥലത്തെ സാധാരണ താമസക്കാരനായി കണക്കാക്കാൻ പാടുള്ളതല്ല.

(5) ഒരാൾ ഏതെങ്കിലും പ്രസക്ത സമയത്ത് ഒരു സ്ഥലത്ത് സാധാരണ താമസക്കാരനാണോ എന്ന ഒരു പ്രശ്നം ഉദിക്കുന്നിടത്ത് സംഗതിയുടെ എല്ലാ വസ്തുതകളും ഇതിലേക്കായി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളും പരിഗണിച്ചുകൊണ്ട് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ആ പ്രശ്നത്തിൽ തീർപ്പുകൽപ്പിക്കേണ്ടതാണ്.

** ** **